കർഷകരെ സഹായിക്കുന്നതിനായി സർക്കാർ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പാണ് എണ്ണം കണക്കാക്കുന്നത്.

കണ്ണൂർ ജില്ലയിലെ സ്ഫോടനങ്ങൾ

140 [98] *ശ്രീ. എം. മുരളി:*

,, *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഈ വർഷം ഇതുവരെ വാസസ്ഥലങ്ങളിൽ എത്ര സ്ഫോടനം ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ എത്ര പേർ മരിക്കുകയും എത്ര പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു;

(സി) സ്ഫോടനം ഉണ്ടായ വീടുകളിൽ സ്ഫോടകവസ്തുക്കൾ ശേഖരിച്ച് വച്ചിരുന്നുവോ?

ഉത്തരം

(എ) രണ്ടു സ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഒരാൾ മരിക്കുകയും രണ്ടുപേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു.

(സി) ഒരു കേസ്സിൽ സ്ഫോടക വസ്തുക്കൾ ശേഖരിച്ചു വച്ചിരുന്നു.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോമിനോട് സാമ്യമുള്ള യൂണിഫോമും അധികാര ചിഹ്നങ്ങളും ധരിച്ച് ജോലി ചെയ്യുന്നത് തടയാൻ നടപടി

141 [101] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോമിനോട് സാമ്യമുള്ള യൂണിഫോമും അധികാര ചിഹ്നങ്ങളും ധരിച്ച് ചില സ്വകാര്യ ഏജൻസികളുടെ സെക്യൂരിറ്റി ഉദ്യോഗസ്ഥൻമാർ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly